**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ലോക്ഡൗൺ കാരണം സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യകിറ്റ് സ്കൂളുകളിൽ കെട്ടികിടക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടി നടത്തുമോ? | (എ) | ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാതെ സ്കൂളുകളിൽ കെട്ടി കിടക്കുന്ന സാഹചര്യം നിലവിലില്ല. ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണത്തിനായി സ്കൂളുകളിൽ എത്തിക്കുന്നത് സപ്ലൈകോ ആണ്. ഭക്ഷ്യകിറ്റുകൾ സ്കൂളുകളിൽ എത്തിക്കുന്ന മുറക്ക് തന്നെ സ്കൂൾ പി.ടി.എ കളുടെയും മറ്റും സഹായത്തോടെ അവ രക്ഷിതാക്കൾക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. എല്ലാ വിധ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും കോവിഡ് പ്രോട്ടോക്കോളും കർശനമായി പാലിച്ചു കൊണ്ടാണ് ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നത്. ട്രിപ്പിൾ ലോക്ഡൗൺ നിലവിലുണ്ടായിരുന്ന ജില്ലകളിലും കോവിഡ് - 19 രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി നിയന്ത്രിത മേഖലകളായി (ഹോട്ട്സ്പോട്ടുകൾ, കണ്ടെയ്ൻമെന്റ് സോണുകൾ) പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലും ഭക്ഷ്യകിറ്റ് വിതരണത്തിൽ ചില തടസ്സങ്ങൾ നേരിട്ടിരുന്നു. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നേരിട്ട് ചെന്ന് ഭക്ഷ്യകിറ്റുകൾ കൈപ്പറ്റുവാൻ സാധിക്കാത്ത രക്ഷിതാക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വാർഡ്തല റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സഹായത്തോടെ കിറ്റുകൾ വീടുകളിൽ എത്തിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ